**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1880** **29-07-2021 - ൽ മറുപടിയ്ക്ക്**

**വ്യാവസായിക നിക്ഷേപം ആകർഷിക്കാനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കൂടുതൽ വ്യാവസായിക നിക്ഷേപം കൊണ്ടുവരുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയെന്നും വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി വിവിധ സാമ്പത്തിക സഹായ പദ്ധതികളും മറ്റു പദ്ധതികളും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് DIC, KSIDC, KINFRA മുഖേന ആവിഷ്കരിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു. DIC സംരംഭക സഹായ പദ്ധതി നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് പ്രവർത്തനരഹിതമായ എം.എസ്.എം.ഇ. യൂണിറ്റുകൾക്കുള്ള സഹായം വ്യവസായ ഭദ്രത PMFME (Prime Ministers Formalisation of Micro Food Processing Enterprises) സുസ്ഥിര സംരംഭകത്വത്തിനുള്ള അഗ്രോ ബിസിനസ് ഇൻകുബേഷൻ (ARISE) Kerala Single Window Interface for Fast and Transparent Clearance (KSWIFT 3.0) ഓൺലൈൻ ആയുള്ള വ്യവസായ ഭൂമിയുടെ അനുവദിക്കൽ പുതിയ വ്യവസായ ഭൂമിയുടെ വികസനം പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനുള്ള അടിസ്ഥാന സൗകര്യ വികസനം സംരംഭക വികസന കേന്ദ്രങ്ങൾ (EDCs) KINFRA മെഗാഫുഡ് പാർക്ക്, ഒറ്റപ്പാലം, പാലക്കാട് പെട്രോകെമിക്കൽ പാർക്ക്, അമ്പലമുകൾ, കൊച്ചി, എറണാകുളം വ്യവസായ പാർക്ക്, മുണ്ടക്കൽ, കൊല്ലം. ബഹുനില ഫാക്ടറി കെട്ടിട സമുച്ചയങ്ങൾ: കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്ക്, കഴക്കൂട്ടം കിൻഫ്ര വ്യവസായ പാർക്ക്, കൊരട്ടി, തൃശ്ശൂർ വ്യവസായ പാർക്ക്, കാക്കഞ്ചേരി , മലപ്പുറം KSIDC ചെറുകിട, ഇടത്തരം വൻകിട വ്യവസായങ്ങൾക്ക് കെ.എസ്.ഐ.ഡി.സി. കുറഞ്ഞ പലിശ നിരക്കിൽ (നിലവിൽ 8.75% -10.75%) 10000 ലക്ഷം രൂപ |

വരെ വായ്പയായി നല്കി വരുന്ന ധനസഹായം വേഗത്തിൽ ലഭ്യമാക്കുന്നതിനായി ഇവയുടെ വ്യവസ്ഥകളും മാനദണ്ഡങ്ങളും കാലാനുസൃതമായി ലഘൂകരിച്ചിട്ടുണ്ട്. ഓരോ ആറു മാസത്തിന്റെയും അവസാനം കുടിശിക ഇല്ലായെങ്കിൽ പലിശ നിരക്കിൽ അര ശതമാനം വരെ (ബാക്കിയുള്ള മുതലിന്റെ അടിസ്ഥാനത്തിൽ) വീണ്ടും കുറവ് നൽകി വരുന്നു. കൂടാതെ, ഈ പ്രൊജെക്റ്റുകളിൽ പ്രമോട്ടർമാർ കൊണ്ടുവരേണ്ട വിഹിതം 50% വരെ അൺസെക്യൂർഡ് വായ്പയായി കൊണ്ടുവരാൻ അനുവദിച്ചിട്ടുണ്ട്. പ്രത്യേക പരിഗണനാ വിഭാഗത്തിലുള്ള പ്രൊജെക്റ്റുകളിൽ വായ്പ - ഇക്വിറ്റി അനുപാതം 1.5:1 വരെ അധിക ഈട് ഇല്ലാതെയും വായ്പ - ഇക്വിറ്റി അനുപാതം 2:1 വരെ 1.5:1 ന്റെ മുകളിലുള്ള തുകയ്ക്ക് അധിക ഈടോടുകൂടിയും വായ്പ നല്കി വരുന്നു. മറ്റു പ്രൊജെക്റ്റുകൾക്ക് ഇത് യഥാക്രമം 1:1 ഉം 1.5:1 ഉം ആണ്. സൂക്ഷ്മ ചെറുകിട, ഇടത്തരം വ്യവസായങ്ങൾക്കു കുറഞ്ഞ പലിശ നിരക്കിൽ (നിലവിൽ 7.00%) 25 ലക്ഷം രൂപ മുതൽ 200 ലക്ഷം രൂപ വരെ വായ്പയായി ധനസഹായം നല്കുന്നതിനായി ‘മുഖ്യമന്ത്രിയുടെ പ്രത്യേക ധനസഹായ പദ്ധതി’ എന്ന പേരിൽ ഒരു ധനസഹായ പദ്ധതിക്കു രൂപം കൊടുത്തിട്ടുണ്ട്. ഇത് കൂടാതെ വ്യവസായ രംഗത്തു കൂടുതൽ നിക്ഷേപം ആകർഷിക്കുവാനും സംരംഭങ്ങൾ തുടങ്ങാനുദ്ദേശിക്കുന്നവരെ സഹായിക്കാനും ഉതകുന്ന വിവിധ നിയമ നിർമാണങ്ങൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടത്തുകയുണ്ടായി. '2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം’ സർക്കാർ പുതിയതായി കൊണ്ടുവന്നു. നിലവിലെ ഏഴ് നിയമങ്ങളിൽ വേണ്ട ഭേദഗതികൾ വരുത്തിയാണ് മേൽപ്പറഞ്ഞ നിയമം കൊണ്ടുവന്നത്. ഈ നിയമപ്രകാരം പുതിയതും നിലവിലുള്ളതുമായ വ്യാവസായിക സംരംഭങ്ങൾക്ക് വിവിധ അനുമതികളും ലഭ്യമാക്കാൻ K-SWIFT എന്ന പേരിൽ ഒരു ഓൺലൈൻ ഏകജാലക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഇതോടൊപ്പം '2019-ലെ കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം’ സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഈ നിയമപ്രകാരം 10 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളതും, മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽ പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്നുവർഷം വരെ സംസ്ഥാന നിയമങ്ങൾക്കു കീഴിലുള്ള ചില ലൈസൻസുകൾ എടുക്കേണ്ടതില്ല. സ്വയം

| | | | |
|---|---|---|---|
| | | | സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ച് വ്യവസായം തുടങ്ങാൻ സാധിക്കുന്നതാണ്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽ പെടാത്തതും 50 കോടി മുതൽമുടക്ക് വരുന്നതുമായ MSME-ഇതര വ്യവസായങ്ങൾക്ക് ഒരു വർഷത്തേക്കു സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില അനുമതികൾ ഒഴിവാക്കിക്കൊണ്ട് മേൽസൂചിപ്പിച്ച 2019-ലെ കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമത്തിൽ ഭേദഗതി വരുത്തി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇത്തരം വ്യവസായങ്ങൾക്ക് അനുമതി കൊടുക്കുന്നതിനു ഒരു ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ബ്യൂറോ രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | വ്യവസായ മേഖല കൂടുതൽ നിക്ഷേപ സൗഹൃദമാക്കുന്നതിനും പൊതു-സ്വകാര്യ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഫലപ്രദമാണോയെന്നും ഇതുവഴി എത്ര പുതിയ വ്യവസായ സംരംഭങ്ങൾ സംസ്ഥാനത്ത് ഇക്കാലയളവിൽ ആരംഭിക്കാൻ കഴിഞ്ഞുവെന്നും വ്യക്തമാക്കാമോ; | (ബി) | 2018 ഫെബ്രുവരിയിൽ K-SWIFT നിലവിൽ വന്നതുമുതൽ ഇന്നുവരെ ഈ സംവിധാനം വഴി 12,022 സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾക്കു അനുമതി നല്കിയിട്ടുണ്ട്. ഇവയിൽ നിന്നും പ്രത്യക്ഷമായും പരോക്ഷമായും ഏകദേശം രണ്ടു ലക്ഷത്തോളം തൊഴിലവസരങ്ങൾ ലഭ്യമായിട്ടുണ്ടെന്ന് വിലയിരുത്തുന്നു .2016 മുതൽ MSME യൂണിറ്റുകളുടെ എണ്ണത്തിനു 100% വർദ്ധന വന്നിട്ടുണ്ട്. കൂടാതെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസിനായി കഴിഞ്ഞ 5 വർഷം സർക്കാർ സ്വീകരിച്ച നടപടികൾ മികച്ച ഫലം ഉണ്ടാക്കിയെന്ന് വിവിധ വ്യവസായ സംഘടനകളും വ്യക്തമാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് വ്യവസായ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കാൻ സർക്കാർ മുൻകൈ എടുക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങളുടെ നിക്ഷേപത്തിനായി പ്രത്യേകം നിയമനിർമ്മാണം തന്നെ നടത്തിയിട്ടുണ്ട്. വ്യവസായ സൗഹൃദാന്തരീക്ഷം ഒരു പ്രത്യേക നയമായി സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. കൂടാതെ ജില്ലാ വ്യവസായ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് വ്യവസായ സംരംഭങ്ങൾ നടത്തുന്നവരുടെയും പുതുതായി തുടങ്ങാൻ ആഗ്രഹിക്കുന്നവരുടെയും പരാതികളും പ്രശ്നങ്ങളും നേരിട്ട് കേൾക്കുന്നതിന് ജില്ലാ തലത്തിൽ 'മീറ്റ് ദ മിനിസ്റ്റർ' പരിപാടി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. പരാതി പരിഹരിക്കുന്നതിന്റെ തുടർനടപടികൾക്ക് മേൽനോട്ടം വഹിക്കുന്നതിന് വകുപ്പിലെ മുതിർന്ന IAS ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട് . |
| (സി) | ഈ പദ്ധതികൾ മുഖേന എത്ര രൂപയുടെ നിക്ഷേപവും എത്ര തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ | (സി) | 2018 ഫെബ്രുവരിയിൽ K-SWIFT നിലവിൽ വന്നതുമുതൽ ഇന്നുവരെ ഈ സംവിധാനം വഴി |

| | | | |
|---|---|---|---|
| | കഴിഞ്ഞിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ? | | 12,022 സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക അനുമതി നല്കിയിട്ടുണ്ട്. ഇവയിൽ നിന്നും പ്രത്യക്ഷമായും പരോക്ഷമായും ഏകദേശം രണ്ടു ലക്ഷത്തോളം തൊഴിലവസരങ്ങൾ ലഭ്യമായിട്ടുണ്ടെന്ന് വിലയിരുത്തുന്നു .2016 മുതൽ MSME യൂണിറ്റുകളുടെ എണ്ണത്തിനു 100% വർദ്ധന വന്നിട്ടുണ്ട്. കൂടാതെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസിനായി കഴിഞ്ഞ 5 വർഷം സർക്കാർ സ്വീകരിച്ച നടപടികൾ മികച്ച ഫലം ഉണ്ടാക്കിയെന്ന് വിവിധ വ്യവസായ സംഘടനകളും വ്യക്തമാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് വ്യവസായ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കാൻ സർക്കാർ മുൻകൈ എടുക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങളുടെ നിക്ഷേപത്തിനായി പ്രത്യേകം നിയമനിർമ്മാണം തന്നെ നടത്തിയിട്ടുണ്ട്. വ്യവസായ സൗഹൃദാന്തരീക്ഷം ഒരു പ്രത്യേക നയമായി സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. കൂടാതെ ജില്ലാ വ്യവസായ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് വ്യവസായ സംരംഭങ്ങൾ നടത്തുന്നവരുടെയും പുതുതായി തുടങ്ങാൻ ആഗ്രഹിക്കുന്നവരുടെയും പരാതികളും പ്രശ്നങ്ങളും നേരിട്ട് കേൾക്കുന്നതിന് ജില്ലാ തലത്തിൽ 'മീറ്റ് ദ മിനിസ്റ്റർ' പരിപാടി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. പരാതി പരിഹരിക്കുന്നതിന്റെ തുടർനടപടികൾക്ക് മേൽനോട്ടം വഹിക്കുന്നതിന് വകുപ്പിലെ മുതിർന്ന IAS ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ